പരവൂർ തെക്കുംഭാഗത്ത് മിനിഫിഷിംഗ് ഹാർബർ

197 (205) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയുടെ പരിധിയിൽ പരവൂർ തെക്കും ഭാഗത്ത് മിനിഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേയ്ക്കായി പ്രാഥമിക പഠനങ്ങൾ നടത്തുന്നതിലേക്ക് നാളിതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എന്തൊക്കെ ജോലികളാണ് ഇനി പൂർത്തീകരിക്കുവാനുള്ളതെന്നും, ആയത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(സി) മേൽ സൂചിപ്പിച്ച പഠനങ്ങളും വിലയിരുത്തലുകളും വർഷങ്ങളോളം കാലതാമസം വരുത്തുന്നതാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കാലതാമസം ഒഴിവാക്കി മിനിഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കാൻ സന്നദ്ധമാകുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 12 ലക്ഷം രൂപയുടെ ഭരണാനുമതിയും, 40 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകുകയുണ്ടായി. പരിസ്ഥിതി പഠനം, മാതൃകാ പഠനം എന്നിവ നടത്തുന്നതിന് ടി തുക അപര്യാപ്തമായതിനാൽ 81 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. മാതൃകാപഠനം നടത്തുന്നതിനായി CWPRS പൂനെ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) മാതൃകാ പഠനം പൂർത്തിയായശേഷം പരിസ്ഥിതി പഠനം അക്രഡിറ്റഡ് ഏജൻസിയെക്കൊണ്ട് ചെയ്യേണ്ടതായിട്ടുണ്ട്. 10 മാസം നീണ്ടുനിൽക്കുന്ന പരിസ്ഥിതി പഠനം അനിവാര്യമാണ്.

(സി) വിശദമായ പഠനം നടത്തുന്നതിന് നിശ്ചിത സമയം ആവശ്യമാണ്.

(ഡി) മാതൃകാപഠനത്തിനും പരിസ്ഥിതി പഠനത്തിനുംശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചാലുടനെ പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly